" ഭരണഭാഷ - മാതൃഭാഷ "

സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ നടപടി
വികാസ്ഭവൻ, തിരുവനന്തപുരം.

വിഷയം:- ഡയറക്ടറേറ്റ് ഓഫ് എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് - ജീവനക്കാര്യം - ഐ.സി.ഡി.പി.യിലെ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-1 / ജൂനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ തസ്തികയിലെ ജീവനക്കാരെ ജില്ലാ മൃഗസംരക്ഷണ ആഫീസിലേക്ക് സ്ഥലംമാറ്റി നിയമിച്ചു കൊണ്ട് ഉത്തരവാകുന്നു.

പരാമർശം:- മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 12-03-2015 ലെ എസ്.എ (2) 23690/2014/സ്റ്റാറ്റ്/ഡിഎഎച്ച് നമ്പർ കത്ത്.

<u>ഉത്തരവ് നമ്പർ ഇഎ(1) 8548/2015/ഡിഇഎസ് തീയതി: 10/06/2015</u>

പത്തനംതിട്ട, ഇടുക്കി ജില്ലകളിലെ വിലശേഖരണം, കയറ്റുമതി / ഇറക്കുമതി വില ശേഖരണം എന്നിവ നടത്തുന്ന ജൂനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ / സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-1 തസ്തിക നിലവിൽ ഐ.സി.ഡി.പി ആഫീസുകളിലായതിനാൽ റിപ്പോർട്ടുകൾ തയ്യാറാക്കി പ്രോജക്ട് ഓഫീസർ അംഗീകരിച്ച് ജില്ലാ മൃഗസംരക്ഷണ ആഫീസർ വഴി വകുപ്പ് ഡയറക്ടറേറ്റിൽ ലഭിക്കുന്നതിന് വളരെയധികം കാലതാമസം നേരിടുന്നതായും കൂടാതെ ഇവരുടെ ശമ്പളവും മറ്റ് ബത്തകളും സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിന്റെ ശീർഷകത്തിൽ അല്ല എന്നും അറിയിച്ചിരിക്കുന്നു. ഈ പ്രശ്നം പരിഹരിക്കുന്നതിനായി ഐ.സി.ഡി.പി.യിൽ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-1 / ജൂനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ തസ്തികയിൽ ജോലി ചെയ്തു വരുന്ന ജീവനക്കാരെ ജില്ലാ മൃഗസംരക്ഷണ ആഫീസിലേക്ക് മാറ്റി നിയമിക്കണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു.

മേൽ സാഹചര്യത്തിൽ ഐ.സി.ഡി.പി.യിൽ ജൂനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ തസ്തികയിൽ സേവനം അനുഷ്ഠിക്കുന്ന ജീവനക്കാരുടെ സ്ഥലം മാറ്റങ്ങൾ ചുവടെ ചേർക്കും വിധം ഉടൻ ഉടൻ പ്രാബല്യത്തിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| നം | പേരും നിലവിലെ ആഫീസും | സ്ഥലംമാറ്റി നിയമിച്ച ആഫീസ് |
|---|---|---|
| 1 | ശ്രീമതി.ബിന്ദു.ടി.കെ, ജൂനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ, ഐ.സി.ഡി.പി, പത്തനംതിട്ട | ജൂനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ, ജില്ലാ മൃഗസംരക്ഷണ ആഫീസ് പത്തനംതിട്ട. |
| 2 | ശ്രീ.രാജേഷ്.എസ്, ജൂനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ, ഐ.സി.ഡി.പി, കട്ടപ്പന. | ജൂനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ, ജില്ലാ മൃഗസംരക്ഷണ ആഫീസ് ഇടുക്കി. |

സ്ഥലംമാറ്റി നിയമിച്ചിട്ടുള്ള ജീവനക്കാരെ ഉടൻ പ്രാബല്യത്തോടെ വിടുതൽ ചെയ്യേണ്ടതും വിടുതൽ ചെയ്യുന്നതും ജോലിയിൽ പ്രവേശിക്കുന്നതുമായ വിവരം ബന്ധപ്പെട്ട ആഫീസ് മേധാവി ഈ ഓഫീസിൽ അറിയിക്കേണ്ടതുമാണ്.

ഒപ്പ്
ഐ.എസ്.സുഭാഷ്ചന്ദ്ര ബോസ്,
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (നിയന്ത്രണാധികാരി മുഖേന)

പകർപ്പ്:-

1) ഡയറക്ടർ, ജില്ലാ മൃഗസംരക്ഷണവകുപ്പ് (ആമുഖ കത്ത് സഹിതം)
2) ജില്ലാ മൃഗസംരക്ഷണ ആഫീസർ, പത്തനംതിട്ട, ഇടുക്കി.
3) പ്രോജക്ട് ഓഫീസർ, ഐ.സി.ഡി.പി, പത്തനംതിട്ട, കട്ടപ്പന.
4) ഡെപ്യൂട്ടി ഡയറക്ടർ, കമ്പ്യൂട്ടർ
5) അക്കൗണ്ട്സ് / ബഡ്ജറ്റ് / ഇ.എ (4) / വിജിലൻസ്
6) ഫയൽ / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Padmavathi Amma

GOVERNMENT OF KERALA
സൂപ്രണ്ട് / ഓഫീസർ (അഡ്മിനിസ്ട്രേഷൻ)

5502